പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:29      11/06/2012 - ൽ മറുപടിക്ക്

## മത്സ്യ'ചാകര'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>,, സി. മോയിൻകുട്ടി:<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, സി. മമ്മൂട്ടി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ മുൻകാലത്ത് കാലാകാലം ലഭ്യമായിരുന്ന 'ചാകര' മത്സ്യസമ്പത്ത് ഇപ്പോൾ കുറഞ്ഞുപോകാനുണ്ടായ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) 'ചാകര' മത്സ്യസമ്പത്ത് കുറഞ്ഞുപോകാനുണ്ടായ കാരണങ്ങളെക്കുറിച്ച് ഫിഷറീസ് വകുപ്പ് പഠനം നടത്തിയിട്ടില്ല. 1975-76 കാലയളവിൽ സി.എം.എഫ്.ആർ.ഐ. ചാകരയെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) കടലാക്രമണം പ്രതിരോധിക്കുന്നതിനായി നിർമ്മിച്ച കടൽഭിത്തികൾ തീരക്കടലിന്റെ സ്വാഭാവികതയ്ക്കും ചലനങ്ങൾക്കും മാറ്റം വരുത്തുന്നത് ചാകരയെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | മൺസൂൺ കാലത്ത് കടലിൽ ഒഴുകിയെത്തുന്ന പ്രളയജലത്തിൽ വന്ന കുറവും, മറ്റു ഘടകങ്ങളും, തീരക്കടലിലെ മത്സ്യസമ്പത്തിനെ സ്വാധീനിക്കാറുണ്ടോ എന്നതു സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | മൺസൂൺ സമയത്ത് കടലിൽ എത്തുന്ന പ്രളയ ജലത്തിന്റെ കുറവ് തീരക്കടലിലെ മത്സ്യ ലഭ്യതയെ സ്വാധീനിക്കാറുണ്ട്. പ്രസ്തുത സമയത്ത് കടലിൽ ഒഴുകിയെത്തുന്ന ജലത്തിൽ ജൈവ വസ്തുക്കളും ധാതുക്കളും കൂടുതലാണ്. ഇത് കടൽ ജലത്തിലെ പോഷകമൂല്യം വർദ്ധിപ്പിക്കുകയും പ്ലവഗങ്ങളുടെ ഉത്പാദനം കടലിൽ വർദ്ധിക്കുകയും ചെയ്യുന്നു. പ്ലവഗങ്ങൾ മത്സ്യങ്ങളുടെ ഭക്ഷണമായതിനാൽ തീരക്കടലിലേക്കു മത്സ്യങ്ങളെ ആകർഷിക്കുന്നു. ആയതിനാൽ മൺസൂൺ സമയത്ത് തീരക്കടലിൽ മത്സ്യ ലഭ്യത കൂടുന്നു. |
| (ഡി) | കേരള തീരത്ത് ചാകരമത്സ്യസമ്പത്ത് കൂടുതൽ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ? | (ഡി) | നിലവിൽ പദ്ധതികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ